# STD - III

## അദ്ധ്യാപക സഹായി

## പാഠം - ആറ് സഭയുടെ സവിശേഷതകൾ ഭാഗം - ഒന്ന്

### ലക്ഷ്യം

ക്രിസ്തുവിൽ സ്ഥാപിതമായതാണ് നമ്മുടെ സഭ. സ്നേഹത്താൽ സഭാമക്കളെ യോജിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിനാൽ സ്ഥാപിതമായ കത്തോലിക്കാ സഭയിൽ ഒരംഗമായി സ്നേഹ ഐക്യത്തോടെ നല്ലൊരു സഭാ വിശ്വാസിയായി ജീവിക്കും.

### പഠനസഹായികൾ

* ചിത്രങ്ങൾ - ക്രിസ്തുവിന്റെയും വിശുദ്ധരുടെയും ത്രിത്വത്തിന്റെയും
* CCC 870 - സഭയുടെ സവിശേഷതകൾ.
* വചനം - എഫേ. 4:3-5
* CCC 813, 816, 866 - സഭ ഏകമാണ്.
* CCC 823, 829, 867 - സഭ വിശുദ്ധമാണ്.
* ചാർട്ട് - സഭ ഏകമാണ്, സഭ വിശുദ്ധമാണ് - സവിശേഷതകൾ.

### പാഠത്തിന്റെ ഉള്ളടക്കം

* ഒരു പിതാവ്, ക്രിസ്തുവിൽ സ്ഥാപിതമായ സഭ
* ക്രിസ്തുവിൽ നാം ഒന്നാണ്. നമ്മെ ഒന്നാക്കി നിർത്തുന്നത് - പരിശുദ്ധാത്മാവ്
* നമ്മെ യോജിപ്പിക്കുന്ന കണ്ണി - സ്നേഹം
* ക്രിസ്തു സഭയെ ഏല്പിച്ചത് - അപ്പോസ്തലന്മാരെ
* നമ്മുടെ അമ്മ - പരിശുദ്ധ കന്യകാമറിയം
* അതിനാൽ സഭ ഏകവും വിശുദ്ധവും സാർവത്രികവും അപ്പസ്തോലികവുമാകുന്നു.
* സഭ ഏകമാണ്
* സഭ വിശുദ്ധമാണ്

### പ്രാർത്ഥന

ക്രിസ്തുവേ, അവിടുന്ന് സ്ഥാപിച്ച സഭയിൽ നല്ലൊരു വിശ്വാസിയായി ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കേണമേ.

## ചോദ്യങ്ങൾ

1. ആരാണ് നമ്മുടെ സഭാ സ്ഥാപകൻ?
2. ആരാണ് നമ്മുടെ അമ്മ?
3. ആരാണ് നമ്മെ ഒന്നാക്കി നിർത്തുന്നത്?
4. സഭ ഏകമാണ് എന്നു പറയുന്നതെന്തുകൊണ്ട്?
5. സഭ വിശുദ്ധമാണ് എന്നു പറയുന്നതെന്തുകൊണ്ട്?

# STD - III

## അദ്ധ്യാപക സഹായി

## പാഠം - ആറ് സഭയുടെ സവിശേഷതകൾ ഭാഗം - രണ്ട്

### ലക്ഷ്യം

മാനവരക്ഷയ്ക്കായാണ് ക്രിസ്തു ഏകവും വിശുദ്ധവും സാർവത്രികവും അപ്പസ്തോലികവുമായ സഭയ്ക്ക് രൂപം നൽകിയത്. സഭയുടെ കൂട്ടായ്മയും പരസ്നേഹവും നഷ്ടപ്പെടുത്താതെ ഉത്തമ സഭാവിശ്വാസിയായി അഭിമാനത്തോടെ ഞാൻ ജീവിക്കും.

### പഠനസഹായികൾ

* അപ്പസ്തോലന്മാരുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും ചിത്രങ്ങൾ
* CCC 830, 835, 868 - സഭ സാർവത്രികമാണ് (കാതോലികമാണ്)
* CCC 857, 869 - സഭ അപ്പസ്തോലികമാണ്
* വചനം - മത്താ. 16:18
* കത്തോലിക്കാ സഭയുടെ ഘടന - ചാർട്ട് (മാർപ്പാപ്പ, മെത്രാന്മാർ, വൈദികർ, ദൈവജനം)
* ചാർട്ട് - സഭ സർവത്രികമാണ്, വിശുദ്ധമാണ് - സവിശേഷതകൾ.

### പാഠത്തിന്റെ ഉള്ളടക്കം

* സഭ സാർവത്രികമാണ്
* സഭ എല്ലാ ജനങ്ങൾക്കും വേണ്ടിയുള്ളതാണ്
* സഭ കാതോലികമാണ്
* സഭ അപ്പസ്തോലികമാണ്
* സഭ അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിൽ സ്ഥാപിതമാണ്. സഭയെ നയിക്കുന്നത് ക്രിസ്തുവാണ്.
* സഭയുടെ കാണപ്പെടുന്ന തലവൻ മാർപ്പാപ്പയാണ്.
* സഭയുടെ കാണപ്പെടാത്ത തലവൻ ക്രിസ്തുവാണ്.
* സഭയിലെ അധികാരം ക്രിസ്തുവിൽനിന്നു വരുന്നു.

### പ്രാർത്ഥന

ലോകരക്ഷയ്ക്കുവേണ്ടി ക്രിസ്തു സ്ഥാപിച്ച സഭയുടെ കൂട്ടായ്മയിൽ നിത്യം ചേർന്നു നിൽക്കുവാൻ എന്നെ സഹായിക്കേണമേ.

## ചോദ്യങ്ങൾ

1. സഭയുടെ സവിശേഷതകൾ ഏവ?
2. അപ്പസ്തോലന്മാരുടെ പിൻഗാമികൾ ആര്?
3. സഭയുടെ കാണപ്പെടുന്ന തലവനാരാകുന്നു?
4. എന്തിന്റെ അടിസ്ഥാനത്തിലാണ് സഭ സ്ഥാപിതമായത്?
5. കത്തോലിക്കാ എന്ന പദത്തിന്റെ അർത്ഥമെന്ത്?